REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 11-10-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **'PM-ധൻ ധാന്യ കൃഷി യോജന' 'മിഷൻ ഫോർ ആത്മനിർഭരത ഇൻ പൾസസ് ' പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിൽ തുടക്കം കുറിച്ചു.**
- **കുറ്റകൃത്യങ്ങൾ തടയേണ്ടതും ആപത്ഘട്ടങ്ങളിൽ ജനങ്ങൾക്കൊപ്പം പ്രവർത്തിക്കേണ്ടതും പോലീസിന്റെ ചുമതലയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്ത് നാളെ പൾസ് പോളിയോ പ്രതിരോധ യജ്ഞം.**
- **ഷാഫി പറമ്പിൽ MP ക്ക് പരിക്കേറ്റ സംഭവത്തിൽ കോൺഗ്രസിന്റെ സംസ്ഥാന വ്യാപക പ്രതിഷേധം.**
- **ഇന്ത്യ- വെസ്റ്റിൻഡീസ് രണ്ടാം ടെസ്റ്റ് ക്രിക്കറ്റിൽ ഇന്ത്യ കൂറ്റൻ സ്കോറിലേക്ക്.**

## വാർത്തകൾ വിശദമായി

'PM-ധൻ ധാന്യ കൃഷി യോജന' , പയർവർഗ്ഗങ്ങളുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്ന 'മിഷൻ ഫോർ ആത്മനിർഭരത ഇൻ പൾസസ് ' പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിൽ തുടക്കം കുറിച്ചു. പൂസയിലെ ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്രത്തിലെ ചടങ്ങിനിടെ പ്രധാനമന്ത്രി കർഷകരുമായി സംവദിക്കുകയും ചെയ്യും. 42,000 കോടി രൂപയുടെ കാർഷിക പദ്ധതികൾക്കും അനുബന്ധ പദ്ധതികൾക്കും ചടങ്ങിൽ അദ്ദേഹം തുടക്കമിട്ടു.

24,000 കോടി രൂപയുടെ PM-ധൻ ധാന്യ പദ്ധതി കാർഷികോത്പാദനം കുറഞ്ഞ 100 ജില്ലകളെ കണ്ടെത്തി വിള വൈവിദ്ധ്യ വത്കരണത്തിലൂടെയും, സുസ്ഥിര

കാർഷിക രീതികളിലൂടെയും ഉത്പാദനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നതാണ്. പയറുവർഗ്ഗ സ്വയം പര്യാപ്തത മിഷന് 11,000 കോടി രൂപയാണ് വിഹിതം അനുവദിച്ചിരിക്കുന്നത്.

പ്രധാൻമന്ത്രി ധൻ -ധാന്യ കൃഷി യോജനക്ക് ഇന്ന് സംസ്ഥാനത്തും തുടക്കമായി. പാലക്കാട് ജില്ലയിലെ ആലത്തൂർ സീഡ് ഫാമിൽ മന്ത്രി P പ്രസാദ് പദ്ധതി ഉദ്ഘാടനം ചെയ്തു.

കേരളത്തിൽ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പ്രാരംഭഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നത്.

✪✪✪

സ്വാതന്ത്ര്യസമര സേനാനി ജയപ്രകാശ് നാരായണന്റെ ജന്മദിനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും ബി.ജെ.പി ദേശീയ അധ്യക്ഷൻ JP നദ്ദയും സ്മരണാഞ്ജലി അർപ്പിച്ചു. ജയപ്രകാശ് നാരായണൻ നയിച്ച സമ്പൂർണ ക്രാന്തിയിൽ പത്തൊൻപതാം വയസ്സിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്ന് ഉപരാഷ്ട്രപതി നമൂഹമാധ്യമത്തിൽ കുറിച്ചു.

രാജ്യത്തെ നിർഭയ മനസ്സാക്ഷിയുടെ ശബ്ദമായിരുന്നു, ജനാധിപത്യത്തിനും സാമൂഹിക നീതിക്കും വേണ്ടി പരിശ്രമിച്ച ജയപ്രകാശ് നാരായണന്റേതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

സമത്വം, സാമൂഹിക ഐക്യം, നീതി എന്നിവയുടെ ആദർശങ്ങൾ ഉയർത്തിപ്പിടിച്ച് ജയപ്രകാശ് നാരായണൻ ഇന്ത്യയുടെ ജനാധിപത്യ ഘടനയെ ശക്തിപ്പെടുത്തിയെന്ന് അമിത് ഷാ അഭിപ്രായപ്പെട്ടു.

അടിയന്തരാവസ്ഥക്കാലത്ത് ജയപ്രകാശ് നാരായണൻ രാജ്യത്തിന്റെ ജനാധിപത്യ അവബോധം ഉണർത്തുകയും ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുകയും ചെയ്തുവെന്ന് JP നദ്ദ സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

നാനാജി ദേശ്മുഖിന്റെ ജന്മവാർഷികത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും ബി.ജെ.പി ദേശീയ അധ്യക്ഷൻ JP നദ്ദയും സ്മരണാഞ്ജലി അർപ്പിച്ചു.

നാനാജിയുടെ നിസ്വാർത്ഥ സേവന തത്വങ്ങൾ എല്ലാവരെയും സത്യസന്ധതയോടും സമർപ്പണത്തോടും കൂടി രാജ്യത്തെ സേവിക്കാൻ

പ്രചോദിപ്പിക്കുന്നുവെന്നും തന്റെ ജീവിതം ഗ്രാമവികസനത്തിനും ദരിദ്രരുടെ ഉന്നമനത്തിനുമായി അദ്ദേഹം സമർപ്പിച്ചുവെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

ദേശ്മുഖ് ദീർഘവീക്ഷണം പുലർത്തിയ സാമൂഹിക പരിഷ്കർത്താവും, രാഷ്ട്ര നിർമ്മാതാവും, ആയിരുന്നുവെന്ന് സാമൂഹ്യമാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി കുറിച്ചു.

✪✪✪

കുറ്റകൃത്യങ്ങൾ തടയുക മാത്രമല്ല ആപത്ഘട്ടങ്ങളിൽ ജനങ്ങളോട് ഒപ്പം നിൽക്കുകയും അവരുടെ വിശ്വാസത്തിനൊപ്പം പ്രവർത്തിക്കുകയും ചെയ്യേണ്ടത് പോലീസിന്റെ അടിസ്ഥാന ചുമതലയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തൃശൂർ കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 31 C ബാച്ചിലെ 104 സബ് ഇൻസ്പെക്ടർ ട്രെയിനികളുടെ പാസിംഗ് ഔട്ട് പരേഡിൽ സല്യൂട്ട് സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഏത് ദുരിത ഘട്ടങ്ങളിലും ജനങ്ങൾ ആദ്യം വിളിക്കുന്നത് പോലീസിനെയാണെന്നും, നീതിയും സഹായവും ലഭിക്കുമെന്ന ഉത്തമ വിശ്വാസമാണ് അതിനു പിന്നിലെന്നും, അത് കാത്തുസൂക്ഷിക്കണമെന്നും മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു.

പ്രളയകെടുതി അടക്കം പ്രകൃതി ദുരന്ത വേളകളിൽ പ്രവർത്തിക്കാൻ ഡിസാസ്റ്റർ മാനേജ്മെന്റ് വിഷയത്തിലും ഇവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പുതിയ ബാച്ചിൽ 90 പുരുഷന്മാരും, 14 വനിതകളും ഉൾപ്പെടുന്നു. സംസ്ഥാന പോലീസ് മേധാവി രവദ ചന്ദ്രശേഖർ, അക്കാദമി ഡയറക്ടർ സേതുരാമൻ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

കൊച്ചി വാട്ടർ മെട്രോയുടെ മട്ടാഞ്ചേരി, വില്ലിംടൺ ഐലന്റ് ടെർമിനലുകൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. 38 കോടി രൂപ ചെലവിലാണ് രണ്ടു ടെർമിനലുകളും നിർമ്മിച്ചത്.

✪✪✪

സൈബർ സുരക്ഷാരംഗത്തെ രാജ്യത്തെ ഏറ്റവും വലിയ കോൺഫറൻസായ 'കൊക്കൂൺ 2025' ഇന്ന് സമാപിക്കും. കൊച്ചിയിൽ ഇന്നലെ ആരംഭിച്ച കോൺഫറൻസിന്റെ സമാപന സമ്മേളനം വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും..

✪✪✪

സംസ്ഥാനത്ത് പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ട് പൾസ് പോളിയോ പ്രതിരോധയജ്ഞം നാളെ നടത്തും. അഞ്ചു വയസ്സിൽ കുറഞ്ഞ 21 ലക്ഷത്തിലേറെ കുഞ്ഞുങ്ങൾക്ക് പ്രത്യേകം സജ്ജീകരിച്ച ബൂത്തുകൾ വഴി പോളിയോ തുള്ളിമരുന്ന് നൽകും. 22,383 ബൂത്തുകളാണ് ഇതിനായി സജ്ജമാക്കുന്നത്. സ്കൂളുകൾ, അങ്കണവാടികൾ, വായനശാലകൾ, ഗവൺമെന്റ് ആരോഗ്യ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലെ ബൂത്തുകൾ രാവിലെ 8 മുതൽ വൈകിട്ട് 5 വരെയും, ട്രാൻസിറ്റ് ബൂത്തുകൾ വൈകിട്ട് 8 വരെയും പ്രവർത്തിക്കും.

✪✪✪

കോഴിക്കോട് പേരാമ്പ്ര സംഘർഷത്തിൽ ഷാഫി പറമ്പിൽ MP ക്ക് പരിക്കേറ്റ സംഭവത്തിൽ പ്രതിഷേധിച്ച് കോൺഗ്രസ് സംസ്ഥാന വ്യാപകമായി പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. പലയിടത്തും പൊലീസും കോൺഗ്രസ് പ്രവർത്തകരുമായി നേരിയ സംഘർഷമുണ്ടായി.

കോഴിക്കോട്ട് UDF ന്റെ IG ഓഫീസ് മാർച്ചിൽ ഓഫീസിലേക്ക് തള്ളിക്കയറാൻ ശ്രമിച്ച പ്രവർത്തകരെ പൊലീസ് തടഞ്ഞു. തുടർന്ന് നേതാക്കൾ ഇടപെട്ട് അവരെ ശാന്തരാക്കി.

കോൺഗ്രസിന്റെ പ്രതിഷേധ മാർച്ചിൽ കാഞ്ഞങ്ങാട്ടും സംഘർഷമുണ്ടായി. പൊലീസ് പലവട്ടം ജലപീരങ്കി പ്രയോഗിച്ചു.

വൈകീട്ട് പേരാമ്പ്രയിൽ പ്രതിഷേധ സംഗമവും സംഘടിപ്പിക്കുന്നുണ്ട്. AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.

✪✪✪

മന്ത്രി VN വാസവന്റെ വീട്ടിലേക്ക് BJP സംഘടിപ്പിച്ച പ്രതിഷേധ മാർച്ചിൽ സംഘർഷം. പ്രതിഷേധക്കാർക്കു നേരെ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു. സ്വർണ്ണപ്പാളി വിവാദത്തിൽ മന്ത്രിയുടെ രാജി ആവശ്യപ്പെട്ടായിരുന്നു മാർച്ച്.

✪✪✪

പാലിയേറ്റീവ് കെയർ രംഗത്ത് കുടുംബശ്രീയുമായി ചേർന്ന് സാന്ത്വനമിത്ര പദ്ധതിയിൽ പതിനായിരം പേരുടെ പരിശീലനം ഉടൻ ആരംഭിക്കുമെന്ന് മന്ത്രി MB രാജേഷ് തിരുവനന്തപുരത്ത് അറിയിച്ചു. ഓരോ തദ്ദേശ സ്ഥാപന തലത്തിലും സാന്ത്വന പരിചരണം ആവശ്യമായ എല്ലാവർക്കും ഗൃഹകേന്ദ്രീകൃത പരിചരണം നൽകുന്നതിലാണ് പരിശീലനം. സംസ്ഥാനത്ത് 50,000 പേർക്ക് ഇത്തരത്തിൽ പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നതെന്നും MB രാജേഷ് പറഞ്ഞു.

✪✪✪

ഇന്ത്യ- വെസ്റ്റിൻഡീസ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ ആദ്യ ഇന്നിംഗ്സ് ബാറ്റിംഗ് പുനരാരംഭിച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 4 വിക്കറ്റ് നഷ്ടത്തിൽ 438 റൺസെടുത്തിട്ടുണ്ട്.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ശ്രീലങ്ക ഇംഗ്ലണ്ടിനെ നേരിടും. കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ച കഴിഞ്ഞ് മൂന്നിനാണ് മത്സരം.

✪✪✪

സംസ്ഥാന ടൂറിസം വകുപ്പിന്റെ മൂന്നാമത് ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങൾ ചാലിയാർ പുഴയിൽ നാളെ ഉച്ച കഴിഞ്ഞ് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ഫറോക്ക് പുതിയ പാലത്തിനും പഴയ പാലത്തിനും ഇടയിലാണ് ചുരുളൻ വള്ളങ്ങളെ ഉൾപ്പെടുത്തി ലീഗ് മത്സരങ്ങൾ നടത്തുന്നത്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നിന്ന് 14 ചുരുളൻ വള്ളങ്ങൾ മത്സരത്തിൽ പങ്കെടുക്കും.

✪✪✪

പൊതുമരാമത്തു വകുപ്പിന്റെ വിഷൻ 2031 ശില്പശാലയ്ക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. ഈ മാസം 18 ന് രാവിലെ കോഴിക്കോട് ആസ്പിൻ കോർട്ട് യാർഡിലാണ് പരിപാടി. ഈ മാസം 14 നകം ഓൺലൈൻ ലിങ്കിൽ രജിസ്റ്റർ ചെയ്യണം. സംസ്ഥാനത്തിന്റെ 75-ാം രൂപീകരണ വാർഷികത്തിൽ 2031 ലെ കേരളം എങ്ങനെയാകണമെന്ന കാഴ്ചപ്പാടിന് വേണ്ടിയാണ് വിവിധ വകുപ്പുകൾ ശില്പശാലയും സെമിനാറും സംഘടിപ്പിക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

രജിസ്ട്രേഷൻ വകുപ്പിന്റെ വിഷൻ 2031 സെമിനാർ അടുത്ത ചൊവ്വാഴ്ച എറണാകുളം വൈപ്പിൻ കുഴിപ്പിള്ളി സഹകരണ നിലയത്തിൽ നടത്തും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

ധനകാര്യവകുപ്പിന്റെ സെമിനാർ മറ്റന്നാൾ കൊച്ചി ഗോകുലം കൺവൻഷൻ സെന്ററിൽ നടത്തും. രാവിലെ 'ധനകാര്യവകുപ്പ് : നേട്ടങ്ങളും ഭാവികാഴ്ചപ്പാടുകളും' എന്ന സെമിനാറിൽ മന്ത്രി KN ബാലഗോപാൽ അധ്യക്ഷനായിരിക്കും.

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ വിഷൻ 2031 സെമിനാർ ഈ മാസം 18 ന് കോട്ടയത്തായിരിക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. കേരളത്തെ ആഗോള വിദ്യാഭ്യാസ ഹബ്ബാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പരിപാടി.

✪✪✪

ദേലംമ്പാടി ഗ്രാമപഞ്ചായത്തിലെ സാലത്തടുക്കാ-മയ്യള VCB കം ബ്രിഡ്ജിന്റെ പുനർനിർമ്മാണത്തിന് കാസർകോഡ് വികസന പാക്കേജിൽ നിന്ന് രണ്ടര കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. കേരളത്തെ അയൽ സംസ്ഥാനമായ കർണാടകയുമായി ബന്ധിപ്പിക്കുന്ന പാലമാണ് മയ്യള പാലം.

കാസർകോട് നിന്ന് P.ജഗന്നിവാസൻ.

.....(വോയ്സ്).........

✪✪✪

ഇന്ന് അന്താരാഷ്ട്ര ബാലികാ ദിനം. പെൺകുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനായാണ് എല്ലാവർഷവും ഒക്ടോബർ 11 അന്താരാഷ്ട്ര ബാലികാ ദിനമായി ആചരിക്കുന്നത്.

✪✪✪

പ്രവാസി മലയാളികൾക്കായി സംസ്ഥാന ഗവൺമെന്റ് നോർക്ക റൂട്ട്സ് വഴി നടപ്പാക്കുന്ന സമഗ്ര ആരോഗ്യ അപകട ഇൻഷുറൻസ് പദ്ധതി - നോർക്ക കെയർ- ന്റെ പ്രചാരണത്തിന് നാളെ നവി മുംബൈയിൽ 'നോർക്ക കെയർ കരുതൽ സംഗമം സ്നേഹകവചം' സംഘടിപ്പിക്കും. നോർക്ക റൂട്ട് റെസിഡന്റ് വൈസ് ചെയർമാൻ P ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. സഹായം ആവശ്യമായ പ്രവാസി കുടുംബങ്ങൾക്ക് പിന്തുണ നൽകുന്ന പ്രവർത്തന രീതി രൂപപ്പെടുത്തുകയാണ് ലക്ഷ്യം. മലയാളി സംഘടനകൾ നിർദ്ദേശിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 50 മലയാളി കുടംബങ്ങൾക്ക് പദ്ധതിയിൽ ചേരാൻ ആവശ്യമായ സാമ്പത്തിക സഹായം - കെയർ ഫോർ മുംബൈ - എന്ന സംഘടന ചടങ്ങിൽ കൈമാറും.

✪✪✪

സംസ്ഥാന വ്യാപകമായി ശുചിത്വ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നടത്തുന്ന "ഓപറേഷൻ ക്ലീൻ സ്വീപ്" എന്ന മിന്നൽ പരിശോധന തുടരുമെന്നും

നിയമലംഘനങ്ങൾ കണ്ടെത്തിയാൽ കർശന നടപടിയെടുക്കുമെന്നും തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ്ജ് അറിയിച്ചു. ഇന്നലെ നടത്തിയ സംസ്ഥാന വ്യാപക പരിശോധനയിൽ വ്യാപകമായ ചട്ടലംഘനങ്ങൾ കണ്ടെത്തിയിരുന്നു.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

✪✪✪

പാലക്കാട്, കാഞ്ഞിരപ്പുഴ ഡാമിലേക്ക് നീരൊഴുക്ക് ശക്തമായതിനാൽ സ്പിൽവേ ഷട്ടറുകൾ ഇന്ന് 10 cm ഉയർത്തും. തീരവാസികൾക്ക് അധികൃതർ ജാഗ്രതാ നിർദ്ദേശം നൽകി.

✪✪✪

കണ്ണൂർ പൈതൃകോത്സവം വരുന്ന ബുധനാഴ്ച ആരംഭിക്കും. നഗരത്തിലും സമീപപ്രദേശങ്ങളിലുമായി 27 വരെ ഇതിന്റെ ഭാഗമായി പ്രഭാഷണങ്ങളും, സെമിനാറുകളും, പ്രദർശനം- കലാപരിപാടികൾ- ഭക്ഷ്യമേള-ക്വിസ് മത്സരങ്ങളും സംഘടിപ്പിക്കും. 23 മുതൽ 27 വരെ മഹാത്മജിയുടെ ജീവിത സന്ദർഭങ്ങളെ അടിസ്ഥാനമാക്കി ഗാന്ധിപ്രദർശനവും ഒരുക്കിയിട്ടുണ്ട്.

✪✪✪

---

*News Editor : ശ്രുതി എം*
*News Reader: രജ്ന കെ*
*NRTs: അനിൽ ചന്ദ്രൻ*
*DEO: ഷീബ*